**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 325 — 12.12.2018 ൽ മറുപടിക്ക്

**അശ്ലീല ചിത്രങ്ങൾ വെബ് സൈറ്റുകൾക്ക് വിൽക്കുന്ന റാക്കറ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.സി.കെ.ആശ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പകർത്തി വിദേശ വെബ് സൈറ്റുകൾക്ക് വിൽക്കുന്ന റാക്കറ്റ് പ്രവർത്തിക്കുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സെർച്ച് എൻജിനുകളുടെ പരിധിയിൽ വരാത്ത രഹസ്യ നെറ്റ് വർക്കുകളായ ഡാർക്ക് നെറ്റിലുള്ള സൈറ്റുകളിലൂടെയുള്ള ചിത്രങ്ങളുടേയും വീഡിയോയുടേയും വില്പന തടയുന്നതിന് ലഭ്യമായ സംവിധാനങ്ങൾ വ്യക്തമാക്കുമോ; | (ബി) നിലവിലുള്ള വിവര വിനിമയ പ്രോട്ടോക്കോളുകൾ ഉപയോഗിക്കാതെ പ്രത്യേക തരം സോഫ്റ്റ് വെയറുകളും അംഗീകൃത ടൂളുകളും (authorization tool) ഉപയോഗിച്ച് മാത്രം കടന്നെത്താൻ കഴിയുന്ന രഹസ്യ നെറ്റ്വർക്കുകൾ ഉൾപ്പെട്ടതാണ് ഡാർക്ക് നെറ്റ്. ഫലപ്രദമായ Darknet Monitoring Tool ഇതുവരെയും ലഭ്യമായിട്ടില്ല. എന്നിരുന്നാൽ തന്നെയും മാനുവലായി ഡാർക്ക് നെറ്റ് നിരീക്ഷണങ്ങൾ നടത്തി വരുന്നുണ്ട്. |
| (സി) ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) ഡാർക്ക് നെറ്റിലൂടെ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ വീഡിയോകൾ എന്നിവ പ്രചരിപ്പിക്കുന്നത് തടയുന്നതിനായി കേരള പോലീസ് ഇന്റർപോളുമായി ചേർന്ന് വിവരശേഖരണവും നിരീക്ഷണങ്ങളും |

നടത്തി വരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ Cyber Crime Prevention Against Women and Children (CCPWC) പദ്ധതിയുടെ കീഴിൽ ഒരു കേന്ദ്രീകൃത ഓൺലൈൻ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ (www.cyberpolice.gov.in) ആരംഭിക്കുകയും ഇതിലൂടെ Child Pornography, Rape, Gang Rape തുടങ്ങിയവയുടെ വീഡിയോകൾ ഇന്റർനെറ്റിലൂടെ പ്രചരിപ്പിക്കുന്നതിനെതിരെയുള്ള പരാതികൾ സമർപ്പിക്കാവുന്നതാണ്. ഈ പോർട്ടലിലൂടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും എല്ലാ പോലീസ് സ്റ്റേഷനുകളിലും തങ്ങളുടെ അധികാര പരിധിയിൽ വരുന്ന പരാതികൾ മേൽ പോർട്ടൽ വഴി വീക്ഷിക്കുവാനും പ്രസ്തുത പോർട്ടലിൽ പരാതികളുടെ തൽസ്ഥിതി update ചെയ്യുന്നതിനും കഴിയുന്നതാണ്.

Deepa

സെക്ഷൻ ഓഫീസർ

2